©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2026 ആഗസ്റ്റ് 17<br>17th August 2026<br>1202 ചിങ്ങം 1<br>1st Chingam 1202<br>1948 ശ്രാവണം 26<br>26th Sravana 1948 | നമ്പർ<br>No. 2301 |

### പുനലൂർ നഗരസഭ

### വിജ്ഞാപനം

2275951/2026 *2026 ആഗസ്റ്റ് 17*

)

2016 - ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് (2016 - ലെ 9 –ാം ആക്ട്)-ലെ 36- ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം പുനലൂർ നഗരസഭാ പ്രദേശത്തിനു വേണ്ടിയുള്ള (അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി) ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോഉള്ള ഉദ്ദേശം ഫാറം II -ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)

സെക്രട്ടറി

പുനലൂർ നഗരസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം - II

[ചട്ടം 16 (1) കാണുക]

**പുനലൂർ മുനിസിപ്പൽ കൗൺസിൽ**

2016 - ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് (2016 - ലെ 9 –ാം ആക്ട്)-ലെ 36- ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം പുനലൂർ നഗരസഭാ പ്രദേശത്തിനു വേണ്ടിയുള്ള (അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി) ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ‌ഉള്ള ഉദ്ദേശത്തിന്റെ വിജ്ഞാപനം

സർക്കാരിന്റെ 21.11.2022 തീയതിയിലെ G.O.(Rt )No. 2871/2022/LSGD ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 49 ടൗണുകൾക്കായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GI S അധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ടൌൺ പ്ലാനറെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത 49 ടൗണുകളിൽ പുനലൂർ മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുള്ളതുമാണ്. ചീഫ് ടൌൺ പ്ലാനറുടെ 04.07.2024 ലെ LSGD/PD/21775/2023-TCPB3 കത്ത് പ്രകാരം 2021 ലെ കേരള നഗര – ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ ചട്ടം (16) പ്രകാരം അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GI S അധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടുന്ന തുടർനടപടികൾ സ്വീകരിക്കുവാൻ നഗരസഭയ്ക്ക് നിർദേശം നൽകി . ഇതിൻപ്രകാരം 10.03.2026 തീയതിയിലെ 6-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GI S അധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് അംഗീകാരം നൽകുകയും 2016 ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ 32- ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ വഹിക്കുന്നതിനു ഒരു മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുന്നതിനും കൗൺസിൽ അംഗീകാരം നൽകി തീരുമാനിക്കുകയും ചെയ്തു. 2016 ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രസിദ്ധീകരിക്കുന്ന നോട്ടീസ്.

2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം പുനലൂർ നഗരസഭ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോടു കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GI S അധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ 10.03.2026 തീയതിയിൽ നടന്ന യോഗത്തിലെ 6-ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക് : വിളക്കുടി ഗ്രാമപഞ്ചായത്ത്, പിറവന്തൂർ ഗ്രാമപഞ്ചായത്ത്
കിഴക്ക് : തെന്മല ഗ്രാമപഞ്ചായത്ത്, ഏരൂർ ഗ്രാമപഞ്ചായത്ത്
തെക്ക് : ഏരൂർ ഗ്രാമപഞ്ചായത്ത്, കരവാളൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ് : കരവാളൂർ ഗ്രാമപഞ്ചായത്ത്, വിളക്കുടി ഗ്രാമപഞ്ചായത്ത്

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി - 3444 ഹെക്ടർ

2016 - ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്) (ഒപ്പ്)

സെക്രട്ടറി ചെയർപേഴ്സൺ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.17 02:13:23 +05:30